ഉത്തരം

(എ-എഫ്) എടക്കാട് ബ്ലോക്കിൽ ജനസംഖ്യാനുപാതികമായി അംഗൻവാടികൾ അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ചുള്ള വിശദവിവരം ശേഖരിച്ച് നൽകുന്നതാണ്.

ഐ.സി.ഡി.എസ്. പ്രോജക്ട് ഓഫീസിന് കെട്ടിടം

53 (2051) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട്, വെള്ളനാട് ബ്ലോക്കുകളിൽ ഐ.സി.ഡി.എസ്. പ്രോജക്ട് ഓഫീസുകൾ അനുവദിച്ചത് എന്നാണ് ;

(ബി) ഈ ബ്ലോക്കുകളിൽ ഇതിനാവശ്യമുള്ള കെട്ടിടങ്ങൾ എടുത്തിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ ;

(ഡി) കെട്ടിടം എടുക്കുന്നതിന് നടപടി സ്വീകരിക്കുവാനും ബ്ലോക്കുകളിലെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുവാനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ലോകബാങ്കിന്റെ സഹായത്തോടുകൂടി തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട്, വെള്ളനാട് എന്നീ ബ്ലോക്കുകളിൽ 30-8-1999-ലെ സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 36/99/സോ.വെ പ്രകാരം ഐ.സി.ഡി.എസ്. പ്രോജക്ട് അനുവദിച്ചു.

(ബി) നെടുമങ്ങാട് ഐ. സി. ഡി. എസ്. ബ്ലോക്കിൽ ഓഫീസ് പ്രവർത്തിക്കാനാവശ്യമായ കെട്ടിടം എടുത്ത് പ്രവർത്തനം തുടങ്ങി വരുന്നു.

(സി) 2000-2001-ൽ ആരംഭിക്കുവാനായി അനുവദിച്ച വെള്ളനാട് ബ്ലോക്കിൽ ഐ.സി.ഡി.എസ്. പദ്ധതിയുടെ പ്രവർത്തനം തുടങ്ങിയിട്ടില്ലാത്തതിനാലും ഓഫീസറെ നിയമിച്ചിട്ടില്ലാത്തതിനാലും ഓഫീസിനുള്ള കെട്ടിടം എടുത്തിട്ടില്ല.

(ഡി) കെട്ടിടം എടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ഓഫീസറെ നിയമിച്ച് പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിന് ആവശ്യമായ നിർദ്ദേശം നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly